# ഭരണഭാഷ - മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ക്യൂ.ഐ.പി ഡെപ്യൂട്ടേഷൻ (2021-2022 എം.ടെക് അഡ്മിഷൻ) പൂർത്തീകരിക്കുന്ന മുറയ്ക്ക് സർക്കാർ പോളിടെക്നിക് കോളേജിലെ ഇലക്ട്രിക്കൽ &ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗം ലക്ചറർ ശ്രീ.അനുരൂപ് പി യ്ക്ക് പുനർ നിയമനം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (സി) വിഭാഗം

നം: ഇ. സി 1/21835/23/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 24.07.2023

---

വായന:- 1.25.08.2021 ലെ G.O. (Rt) No.1106/2021/H.Edn.
2.26.08.2021, 10.09.2021 എന്നീ തീയതികളിലെ ഈ ഓഫീസിലെ നടപടിക്രമം നം.L2/532/21/DTE.
3.29.05.2023 ലെ തൃശ്ശൂർ മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പാളിന്റെ കത്ത് നമ്പർ ഇ1/2001/23/എംടിഐ തൃശ്ശൂർ
4. ശ്രീ.അനുരൂ പ് പി ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗം ലക്ചറർ സമർപ്പിച്ച അപേക്ഷ തീയതി 26.05.2023

**ഉത്തരവ്**

വായന (1) (2) ലെ ഉത്തരവ് പ്രകാരം, തൃശ്ശൂർ മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗം ലക്ചറർ ശ്രീ.അനുരൂപ് പിയ്ക്ക് AICTE ക്യൂ.ഐ.പി-Poly scheme പ്രകാരം National Institute of Technology Calicut ൽ എം.ടെക് കോഴ്സ് (2021-22 അഡ്മിഷൻ) ഉപരിപഠനത്തിനായി അനുമതി നൽകുകയുണ്ടായി. ഇപ്പോൾ ഡെപ്യൂട്ടേഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് പുനർ നിയമനത്തിന് വായന (3), (4) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, തൃശ്ശൂർ മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗം ലക്ചറർ **ശ്രീ.അനുരൂപ് പി (PEN:865967)** National Institute of Technology Calicut ൽ നിന്നും ക്യൂ.ഐ.പി ഡെപ്യൂട്ടേഷൻ പ്രകാരം എം.ടെക് കോഴ്സ് പൂർത്തീകരിക്കുന്ന മുറയ്ക്കോ, രണ്ട് വർഷ കാലയളവ് പൂർത്തീകരിക്കുന്ന മുറയ്ക്കോ **പെരിന്തൽമണ്ണ,** സർക്കാർ പോളിടെക്നിക്ക് കോളേജിലെ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗം ലക്ചറർ തസ്തികയിലെ നിലവിലുള്ള ഒഴിവിലേക്ക് പുനർ നിയമനം നല്കി ഉത്തരവാകുന്നു.

2023 പൊതു സ്ഥലം മാറ്റത്തിനായി സമർപ്പിച്ചിട്ടുള്ള അർഹമായ അപേക്ഷകൾ പരിഗണിക്കപ്പെടുകയാണെങ്കിൽ പുനർ നിയമനം ലഭിച്ച സ്ഥാപനത്തിൽ നിന്നും സ്ഥലം മാറ്റി നിയമിക്കുന്നതാണ്.

പുനർനിയമനം നൽകപ്പെട്ട സ്ഥാപനത്തിലെ സ്ഥാപനമേധാവി ടി അദ്ധ്യാപകന്റെ ക്യൂ.ഐ.പി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റ് / കോഴ്സ് പൂർത്തീകരിച്ച സാക്ഷ്യപത്രം പരിശോധിച്ച് പുന:പ്രവേശനം അനുവദിക്കേണ്ടതും, ഇവരുടെ ചേരുംകാലം ബന്ധപ്പെട്ട രേഖകൾ സഹിതം യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ് /-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്/സ്ഥാപന മേധാവികൾക്ക് (ഡി ടി ഇ ഔദ്യോഗിക വെബ്സൈറ്റ് മുഖേന)( QIP centre : National Institute of Technology Calicut)
2. അക്കൌണ്ടന്റ് ജനറൽ(എ&ഇ) , കേരള കോട്ടയം
3. സൂപ്രണ്ട്, പ്ലാനിംഗ് സെക്ഷൻ
4.ഓഫീസ് പകർപ്പ് & കരുതൽ ഫയൽ

Approval Valid

Digitally Approved By
ഡോ. രാജശ്രീ എം.എസ്

Draft #1 of File EC1/21835/23/DTE Approved by Director (in-charge) on 24-Jul-2023 11:10 PM - Page 1

Date: 24.07.2023
Reason: Approved

Draft #1 of File EC1/21835/23/DTE Approved by Director (in-charge) on 24-Jul-2023 11:10 PM - Page 2

The document is digitally approved. Hence signature is not needed.